**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2397** **13-09-2023 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിലെ ആയുർവേദ, ഹോമിയോ ആശുപത്രികളുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പാറശ്ശാല മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ ആയുർവേദം, ഹോമിയോ എന്നീ വിഭാഗങ്ങളിലെ ആശുപത്രികളുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | പാറശ്ശാല സർക്കാർ ആയുർവേദ ആശുപത്രിയിൽ ഐ.പി വിഭാഗത്തിന്റെ പുതിയ കെട്ടിട നിർമ്മാണത്തിനായി 2022-23 സാമ്പത്തിക വർഷത്തിൽ എം.എൽ.എ ഫണ്ടിൽ നിന്നും 99,90,000/- രൂപ (തൊണ്ണൂറ്റി ഒമ്പത് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) അനുവദിക്കുകയും ആയതിന്റെ നിർമ്മാണ പ്രവർത്തനം 07.06.2023 ന് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പാറശ്ശാല സർക്കാർ ആയുർവേദ ആശുപത്രിയിൽ നാപ്കിൻ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനായി പദ്ധതി വിഹിതത്തിൽ നിന്നും 32,438/- രൂപ അനുവദിക്കുകയും നാപ്കിൻ ഇൻസിനറേറ്റർ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.<br><br>അരുവിപ്പുറം ആയുർവേദ ഡിസ്പെൻസറിയിലെ മെയിന്റനൻസ് പ്രവർത്തികൾക്കായി 2021-22 സാമ്പത്തിക വർഷം 8ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ച് ഇൻസ്പെക്ഷൻ റൂം നിർമ്മാണവും സ്ഥാപനത്തിന്റെ മെയിന്റനൻസും നടത്തി പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്.<br><br>നാഷണൽ ആയുഷ് മിഷൻ പദ്ധതിയിലൂടെ അരുവിപ്പുറം, കുന്നത്തുകാൽ, ഒറ്റശേഖരമംഗലം, ചെങ്കൽ ഗവ. ആയുർവേദ ഡിസ്പെൻസറികളെ ആയുഷ് ഹെൽത്ത് ആന്റ് വെൽനെസ് സെന്ററായി ഉയർത്തിയിട്ടുള്ളതാണ്. ഇതിന്റെ ഭാഗമായി ലാപ് ടോപ്പ്, ഔഷധ സസ്യതോട്ടം, മൾട്ടി പർപ്പസ് വർക്കറുടെ തസ്തിക, ഫുൾ ടൈം യോഗ ഇൻസ്ട്രക്ടർ തസ്തിക, എല്ലാ വർഷവും ശമ്പളവും മറ്റും നൽകുന്നതിനായി 4.57ലക്ഷം രൂപ വീതം റെക്കറിംഗ് ഗ്രാന്റ് എന്നീ സൗകര്യങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ട്. ടി സ്ഥാപനങ്ങളിലേക്ക് AHWC Infra work- Minor Infra upgradation & furniture പ്രവർത്തികൾക്കായി അനുവദിച്ചിട്ടുള്ള 5ലക്ഷം |

രൂപയിൽ അരുവിപ്പുറം ഗവ.ആയുർവേദ ഡിസ്പെൻസറിയിൽ പ്രവർത്തി പൂർത്തിയാക്കി തുക പൂർണ്ണമായും ചെലവഴിക്കുകയും കുന്നത്തുകാൽ, ഒറ്റശേഖരമംഗലം, ചെങ്കൽ ഗവ.ആയുർവേദ ഡിസ്പെൻസറികളിലെ പ്രവർത്തികൾ പുരോഗമിച്ചു വരികയുമാണ്. അരുവിപ്പുറം ഗവ.ആയുർവേദ ഡിസ്പെൻസറിക്ക് അപ്ഗ്രഡേഷന്റെ ഭാഗമായി പുതിയ ഒ.പി.ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള 30ലക്ഷം രൂപയുടെ പ്രവർത്തി നാഷണൽ ആയുഷ് മിഷൻ നടപ്പിലാക്കി വരുന്നതും നിർമ്മാണ പ്രവർത്തിയുടെ 50% പൂർത്തിയാക്കിയിട്ടുള്ളതുമാണ്.

പാറശ്ശാല മണ്ഡലത്തിൽ ഹോമിയോപ്പതി വകുപ്പിനു കീഴിൽ വരുന്ന സ്ഥാപനങ്ങൾക്ക് മരുന്നിനും മറ്റ് വികസന പ്രവർത്തനങ്ങൾക്കുമായി താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

---------------------------------------------------------
---------------------------------------------------------
---------------------------------------------------------
-------------------------------------------

സ്ഥാപനം മരുന്നുകൾക്കായി അനുവദിച്ച തുക മറ്റ് വികസന പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക

---------------------------------------------------------
---------------------------------------------------------
---------------------------------------------------------
-------------------------------------------

ഗവ.ഹോമിയോ ഡിസ്പെൻസറി, കൊല്ലയിൽ 450000/- 150000/-

ഗവ.ഹോമിയോ ഡിസ്പെൻസറി, പെരുങ്കടവിള 250000/- 325000/-

ഗവ.ഹോമിയോ ഡിസ്പെൻസറി, ആര്യങ്കോട് 500000/- 200000/-

ഗവ.ഹോമിയോ ഡിസ്പെൻസറി, കുന്നത്തുകാൽ 500000/- 150000/-

ഗവ.ഹോമിയോ ഡിസ്പെൻസറി, കള്ളിക്കാട് 450000/- 95000/-

ഗവ.ഹോമിയോ ഡിസ്പെൻസറി, അമ്പൂരി 300000/- -

ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ, വെള്ളറട 150000/- 250000/-

| | | | |
|---|---|---|---|
| | | | ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ, ഒറ്റശേഖരമംഗലം 500000/- - |
| (ബി) | ആയതിലേയ്ക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ആശുപത്രി തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ; | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത കാലയളവിൽ പാറശ്ശാല മണ്ഡലത്തിൽ ദേശീയ ആരോഗ്യ ദൗത്യം ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളും പ്രവർത്തനങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) | പാറശ്ശാല മണ്ഡലത്തിലെ താഴെ പറയുന്ന ആയുഷ് സ്ഥാപനങ്ങളിൽ മെഡിക്കൽ ഓഫീസർമാരുടെ സേവനം നൽകുന്നതിനുള്ള ശമ്പളം ഇനത്തിൽ ദേശീയ ആരോഗ്യ ദൗത്യത്തിൽ നിന്നും ഫണ്ട് ഉപയോഗിച്ചുവരുന്നു.<br>-------------------------------------------------------------------------------------------------------------------------------------------------------------------------<br>**സ്ഥാപനം തസ്തിക**<br>-------------------------------------------------------------------------------------------------------------------------------------------------------------------------<br>ഗവ.ആയുർവേദ ഹോസ്പിറ്റൽ, പാറശ്ശാല ആയുർവേദ മെഡിക്കൽ ഓഫീസർ<br>നാഷണൽ ഹെൽത്ത് മിഷൻ ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ, ആര്യൻകോട് ആയുർവേദ മെഡിക്കൽ ഓഫീസർ<br>നാഷണൽ ഹെൽത്ത് മിഷൻ പ്രൈമറി ഹെൽത്ത് സെന്റർ, കൊല്ലയിൽ ആയുർവേദ മെഡിക്കൽ ഓഫീസർ<br>ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ, കുന്നത്തുകാൽ ഹോമിയോ മെഡിക്കൽ ഓഫീസർ<br>ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ, ഒറ്റശേഖരമംഗലം ഹോമിയോ മെഡിക്കൽ ഓഫീസർ<br>ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ, പാറശ്ശാല ഹോമിയോ മെഡിക്കൽ ഓഫീസർ<br>ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ, വെള്ളറട ഹോമിയോ മെഡിക്കൽ ഓഫീസർ<br>ഗവ.സിദ്ധ ഡിസ്പെൻസറി, പാറശ്ശാല സിദ്ധ മെഡിക്കൽ ഓഫീസർ |

സെക്ഷൻ ഓഫീസർ